## (89.) ഉളനാട് സെൻ്റ് ജോസ് മലങ്കര സുറിയാനി കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം

പുനരൈക്യപ്രസ്ഥാനത്തിന്റെ ശില്പി പുണ്യശ്ലോകനായ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ സ്നേഹവാത്സല്യം സ്വീകരിച്ച് 1933 - ൽ ഉളനാട് പ്രദേശത്ത് തിരുവനന്തപുരം അതിരൂപതയുടെ അധീനതയിൽ ഉളനാട് മലങ്കര സുറിയാനി കാത്തോലിക്കപള്ളി ഇടവക കൂട്ടായ്മയുടെ പ്രാരംഭ പ്രവർത്തനം ആരംഭിച്ചു. തക്കതായ മറ്റ് ഇടം ഇല്ലാത്തതിനാൽ ഉളനാട് എം.എസ്.സി.എൽ.പി. സ്കൂളിലാണ് പ്രാരംഭ പ്രവർത്തനവും ശുശ്രൂഷയും നടത്തിയിരുന്നത്.

യേശു ക്രിസ്തുവിന്റെ മുന്നോടിയായ വി.സ്ഥാനാപക യോഹന്നാന്റെ നാമധേയത്തിൽ തിരുവനന്തപുരം ആർച്ച് ബിഷപ്പ് അഭിവന്ദ്യ മാർ ഈവാനിയോസ് തിരുമേനി 1935 - ൽ ദേവാലയ പ്രതിഷ്ഠാകർമം നിർവഹിച്ചു. 87 വർഷങ്ങൾക്കു മുമ്പ് ദൈവാശ്രയത്തോടും സഭാ വിശ്വാസത്തോടും കുടി വലിയ ത്യാഗം സഹിച്ചു അഹോരാത്രം ഇടവക രൂപീകരണത്തിന് പരിശ്രമിച്ച പരേതരായ പിതാക്കന്മാരെ ഈ അവസരത്തിൽ നന്ദിപൂർവം സ്മരിക്കുന്നു.

### ആദ്യകാല പ്രവർത്തകർ

ഏഴുവങ്ങുവടക്കേതിൽ ശ്രീ.സ്കറിയ സാർ, പടിഞ്ഞാറ്റെ മേലേതിൽ റെജി കോട്ടേജിൽ ശ്രീ.വർഗീസ് മത്തായി, മണ്ണിൽ വടക്കേതിൽ ശ്രീ ഗീവർഗീസ് ഉമ്മൻ, ചെറുകുളത്തു ശ്രീ തോമസ്, മേലെമണ്ണിൽ ശ്രീ ഉമ്മൻ മത്തായി എന്നീ പരേതരായ അൽമായ പ്രേഷിതർ ആദ്യകാല പ്രവർത്തകരിൽ പ്രധാനികളായിരുന്നു. ഇവരുടെ മഹത്തായ സേവനം എടുത്തുപറയേണ്ടിയിരിക്കുന്നു. ഇവർക്ക് ആദരാഞ്ജലി അർപ്പിക്കുന്നു. പ്രാരംഭത്തിൽ ഇടവക കൂട്ടായ്മയിൽ ഏതാനും കുടുംബങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളു. ക്രമേണ യാക്കോബായ മാർത്തോമാ സഭകളിൽ നിന്നും സഹോദരങ്ങൾ ഒറ്റക്കും കുടുംബമായും സഭാകൂട്ടായ്മയിലേക്ക് വന്നു ചേർന്നു. ഇടവകയുടെ ആത്മീയ വളർച്ചക്കും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും സഹായിക്കുകയും സഹകരിക്കുകയും ചെയ്ത ബഹുമാനപ്പെട്ട ഇടവക അംഗങ്ങളായ വൈദീകരെയും സിസ്റ്റേഴ്സിനെയും ആദരിക്കുന്നു. ഇടവകയുടെ പ്രാരംഭ കാലം മുതൽ സ്തുത്യർഹമായി സേവനം ചെയ്തിട്ടുള്ള വികാരി അച്ചന്മാരെയും സഹായിച്ച വൈദീക ശ്രേഷ്ഠരെയും നന്ദിയോടെ സ്മരിക്കുന്നു. ഇടവക രൂപീകരിച്ച നാൾ മുതൽശുശ്രൂഷകരായി,സേവനം ചെയ്ത കുറുങ്കയിൽ പരേതനായ ശ്രീ ജോർജ് ജോണിനെയും, ശ്രീ ചിറകരോട്ട് തമ്പിയെയും ഈ അവസരത്തിൽ പ്രത്യേകം സ്മരിക്കുന്നു.

### പള്ളി നിർമ്മാണം

സ്കൂളിൽ ദേവാലയത്തിന്റെ പ്രവർത്തനം നടത്തുന്നത് ഉചിതമല്ലാത്തതിനാൽ മറ്റ് ഇടം കണ്ടത്തേണ്ടതായി വന്നു ചിലരുടെ ആത്മാർത്ഥമായ പരിശ്രമം കൊണ്ടും ഇടവക അംഗങ്ങളുടെ സഹായസഹകരണം കൊണ്ടും അതിരൂപത അധ്യക്ഷന്റെ അനുവാദത്തോടെ ഇപ്പോൾ പള്ളിനിൽക്കുന്ന സ്ഥലം വാങ്ങി. പരേതനായ ബഹു.ഡേവിഡ് ഇല്ലിരിക്കൽ അച്ചൻ വികാരിയും പരേതനായ പുത്തൻവിളയിൽ ശ്രീ.ജോർജ് സാർ ട്രസ്റ്റിയും ആയി സേവനം അനുഷ്ഠിച്ച കാലത്താണ് ഈ സ്ഥലം വാങ്ങിയത്. മലയുടെ അടിവാരത്തുള്ള കുന്ന് നിരപ്പാക്കിയാണ് പള്ളി കെട്ടിടം നിർമ്മിച്ചത്. ബഹു.ഡേവിഡ്.ഇലിക്കൽ അച്ചനും ഇടവക അംഗങ്ങളും ചേർന്ന് കഠിനാധ്വാനം ചെയ്താണ് ദേവാലയ കെട്ടിടം നിർമ്മിച്ചത്. ബഹു.കുര്യൻ വാലുപറമ്പിലച്ചൻ വികാരിയായി ചുമതല ഏറ്റ് പള്ളിയുടെ പൂർത്തീകരണത്തിന് കഠിനമായി യത്നിച്ചു. സ്ഥലം വാങ്ങുന്നതിനും ദേവാലയ കെട്ടിടം നിർമ്മിക്കുന്നതിനും അടിസ്ഥാനസൗകര്യം വാർധിപ്പിക്കുന്നതിനും ഇടവക അംഗങ്ങൾ കഴിവിന്റെ പരമാവധി സഹായിച്ചിട്ടുണ്ട്. 1978 ജനുവരി 6 തീയതി അഭിവന്ദ്യ ബെനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി പുതിയ ദേവാലയത്തിന്റെ കൂദാശ കർമ്മം നിർവ്വഹിച്ചു.

### വൈദീക മന്ദിരം

ബഹുമാനപ്പെട്ട ജോർജ് കോട്ടപ്പുറം അച്ചൻ വികാരിയും കെ.പി.തങ്കച്ചൻ.ട്രസ്റ്റിയും ശ്രീ.ബോബി

വർഗീസ് സെക്രട്ടറിയുമായി സേവനം അനുഷ്ഠിച്ച സമയത്തു അഭിവന്ദ്യ മോറോൻമാർ സിറിൽ ബസേലിയോസ് കാതോലിക്കാബാവയുടെ അനുവാദത്തോടെ പള്ളിക്കു സമീപം വൈദീക മന്ദിരം നിർമ്മിച്ചു. നിർമ്മാണ പ്രവർത്തനത്തിന് ഇടവക അംഗങ്ങളും പ്രത്യേകിച്ചു ഇടവക അംഗങ്ങളായ വൈദീക ശ്രേഷ്ഠരും ഉദാരമായി സംഭാവന ചെയ്തു. അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനി വൈദീക മന്ദിരം കൂദാശ നിർവഹിച്ചു. 2017 ജനുവരി 6- ന് ബഹുമാനപ്പെട്ട ജോസഫ് തടത്തിൽ അച്ചൻ വികാരിയും, ശ്രീ. വർക്കി വർഗീസ് ട്രസ്റ്റിയും, ശ്രീ.തോമസ് ഡാനിയേൽ സെക്രട്ടറിയും ആയിരുന്ന കാലത്തു മുകളിലത്തെ നില പണി പൂർത്തിയാക്കി. കൂദാശ കർമ്മം അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവ് നിർവഹിച്ചു.

**പ്ലാറ്റിനം ജൂബിലി**

ഇടവക കമ്മിറ്റിയുടെയും പൊതുയോഗത്തിന്റെയും തീരുമാനപ്രകാരം ഉളനാട് സെന്റ് ജോൺസ് മലങ്കര കാത്തോലിക്ക ഇടവക കൂട്ടായ്മ രൂപീകരിച്ചിട്ട് 75 വർഷം ആകുന്നതിനാൽ പ്ലാറ്റിനം ജൂബിലി ആഘോഷിക്കണമെന്ന് തീരുമാനിച്ചു. 05/01/2008 ൽ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്തായ്ക്കും വന്ദ്യ സാമുവേൽ മണ്ണിൽ റമ്പാനും ബഹു.വൈദീക ശ്രേഷ്ഠരും ജനപ്രതിനിധികളും ഇടവക അംഗങ്ങളും ചേർന്ന് സ്വീകരണം നൽകി. പ്ലാറ്റിനം ജൂബിലി ഉത്ഘാടനത്തോട് അനുബന്ധിച്ച വന്ദ്യ ശാമുവേൽ മണ്ണിൽ റമ്പാച്ചന് ലഭിച്ച സ്ഥാനലബ്ധിയിൽ മാതൃ ഇടവക ആദരിച്ചു ആശംസകൾ അർപ്പിച്ചു. റവ.ഫാ.ജസ്റ്റിൻ ലോറൻസ്, റവ.ഫാ.രാജു.ഡാനിയേൽ, റവ. ഫാ. ഏബ്രഹാം തോമസ് എന്നിവരും സാമൂഹ്യ പ്രവർത്തകരും പങ്കെടുത്തു.

പള്ളി പെരുനാളിനോടനുബന്ധിച്ച പ്ലാറ്റിനം ജൂബിലി സമാപനം വിവിധ പരിപാടികളോടെ നടത്തണമെന്ന് ഇടവക തീരുമാനിച്ചു.അതിനുമുൻപായി ഇടവക പള്ളി പുതുക്കി പണിത് മനോഹരമാകണമെന്ന് ആഗ്രഹിച്ച് തിരുവനന്തപുരം മേജർ അതിരൂപത അദ്ധ്യക്ഷൻ മോറോൻ മാർ ബസേലിയോസ് ക്ലിമീസ് കാതോലിക്കാ ബാവായെ ബഹു.വികാരിയച്ചൻ ഉൾപ്പെടെ പ്രതിനിധികൾ കണ്ട് ആഗ്രഹം അറിയിച്ചു. ബാവ തിരുമേനിയുടെ അനുവാദത്തോടെ ദേവാലയം പുതുക്കി പണിയാൻ ആരംഭിച്ചു.. ബഹു.ബർണാഡ് വലിയവിള അച്ചന്റെ നേതൃത്വത്തിൽ ഇടവക കമ്മിറ്റീയും യോജിച്ച് നിർമാണപ്രവർത്തങ്ങൾക്ക് നേതൃത്വം നൽകി നവീകരിച്ചു മോറോൻമാർ ബസേലിയോസ് ക്ലിമീസ് കാതോലിക്ക ബാവ കൂദാശ കർമ്മം നിർവ.ഹിച്ചു 2009 ജനുവരി 18ന് വിപുലമായ പരിപാടികളോടെ ദേവാലയ പുനർസമർപണത്തോടുകൂടി പ്ലാറ്റിനം ജൂബിലി സമാപിച്ചു.

**കുടുംബങ്ങൾ**

ഇപ്പോൾ ഈ ഇടവകയിൽ 65 കുടുംബങ്ങളുണ്ട്. ബഹു.ഡാനിയേൽ ബഥേൽ അച്ചൻ 2018 ജൂണിൽ വികാരിയായി ചാർജ് എടുത്ത് വൈദീക മന്ദിരത്തിൽ താമസിച്ചു വരുന്നു. ഇടവകയുടെ പുരോഗതിയും ആത്മീയ വളർച്ചയും ലക്ഷ്യമാക്കി പ്രവർത്തിക്കുകയും നേതൃത്വം നല്കുകയും ചെയ്യുന്നു. ട്രസ്റ്റീ ആയി എ.ഡി.ബാബു. അല്ലിന്റെമേലേതിൽ, സെക്രട്ടറി ആയി കെ.ജെ. അഗസ്റ്റിൻ കൂനാനി എന്നിവർ പ്രവർത്തിക്കുന്നു.

**സ്വത്തുക്കൾ**

കുളനട വില്ലേജിൽ, ബ്ലോക്ക് നമ്പർ 7/3597ൽ 37ആർ 15 ച മീറ്ററും, ബ്ലോക്ക് നമ്പർ 7/3600 ൽ 5.ആർ 20 ച മീറ്ററും ഉൾപ്പടെ ആകെ 42ആർ 35 ച മീറ്റർ സ്ഥലം പള്ളി വകയായി ഉണ്ട്.

**കുരിശടി**

ബഹു.ജോർജ് പ്ലാവിളയിൽ അച്ചൻ വികാരിയായി സേവനം അനുഷ്ഠിച്ച കാലത്തു പള്ളിക്കു സമീപം മുൻവശത്തു റോഡ്സൈഡിൽ വേളാങ്കണ്ണിമാതാവിന്റെ നാമധേയത്തിൽ ഇടവക അംഗമായ റെജികോട്ടേജിൽ ശ്രീ ജോസ് പി. വർഗീസിന്റെ സംഭാവനയായി കുരിശടി നിർമ്മാണം നടന്നു.1988 ൽ കുരിശടിയുടെ കൂദാശകർമ്മം വികാരി ജോർജ് പ്ലാവിളയിലച്ചന്റെ നേതൃത്വത്തിൽ നടന്നു.

**സെമിത്തേരി**

ശവസംസ്കാരം നടത്താനുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ അതിരൂപത അദ്ധ്യക്ഷന്റെ അനുമതിയോടെ ഓർത്തഡോക്സ് പള്ളിക്കുസമീപം സെമിത്തേരിക്ക് സ്ഥലം വാങ്ങി ശവസംസ്കാരം നടത്തിവരുന്നു.

**എൻഡോവ്മെന്റ്**

വിദ്യാർത്ഥികളുടെ പഠന പ്രോത്സാഹനത്തിനും സഹായത്തിനും ബഹു.മണ്ണിലച്ചൻ ഒരു ഫണ്ട് ഇടവക വഴി ബാങ്കിൽ നിക്ഷേപിക്കുകയും അർഹതയുള്ള വിദ്യാർത്ഥികൾക്ക് വർഷം തോറും സ്കോളർഷിപ്പായി നൽകിവരികയും ചെയുന്നു

**ഭക്തസംഘടനകൾ**

പ്രാത്ഥനയോഗം : രണ്ടു ഗ്രൂപ്പായി നടത്തിവന്ന പ്രാത്ഥനയോഗം സൗകര്യവും ഗുണവും ലക്ഷ്യമിട്ട് വികാരിയച്ചന്റെ നിർദ്ദേശ പ്രകാരം നാലായി പ്രവർത്തിച്ചു വരുന്നു. സെന്റ് ജോൺസ്, സെന്റ് ജൂഡ്, സെന്റ് മേരീസ്, സെന്റ് തോമസ് എന്നീ പേരുകളിൽ പ്രാർഥന യോഗങ്ങൾ അറിയപ്പെടുന്നു. വിശ്വാസപരിശീലന ക്ലാസ്, എം.സി.വൈ.എം. എം. സി. എ., മാതൃസമാജം, സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി മുതലായ ഭക്തസംഘടനകൾ വളരെ ഭംഗിയായി നടത്തിവരുന്നു.

**ഇടവക ദൈവവിളികൾ**

1. വന്ദ്യ ശാമുവേൽ മണ്ണിൽ റമ്പാൻ - ഉളനാട്ടിൽ മണ്ണിൽ വടക്കേതിൽ പരേതനായ ശ്രീ.ഗീവർഗീസ് ഉമ്മന്റെയും ശ്രീമതി ഏലിയാമ്മ ഉമ്മന്റെയും മകനായി 1927 ൽ ജനിച്ചു. പ്രാഥമിക വിദ്യാഭാസത്തിനുശേഷം വൈദീക പഠനത്തിനായി ആർച്ച് ബിഷപ്പ് ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ശിക്ഷണത്തിൽ 1946-ൽ പട്ടം സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിൽ ചേർന്നു. അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവിൽ നിന്നും മൈനർ ഓർഡെഴ്സ് സ്വീകരിച്ചുകൊണ്ട് ആർച്ച് ബിഷപ്പ് ബെനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിൽ നിന്ന് നവംബർ 30-ന് പൂർണ പൗരോഹിത്യ പദവി സ്വീകരിച്ചു.

തത്ത്വശാസ്ത്രവും വേദശാസ്ത്രവും പഠിച്ചു. അദേഹത്തെ അഭിവന്ദ്യ ബെനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവ് സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിൽ വൈസ് റെക്ടറായും പിന്നീട് റെക്ടറായും നിയമിച്ചു. സെന്റ് മേരീസ് മലങ്കര മേജർ സെമിനാരിയിൽ വിസിറ്റിംഗ് പ്രൊഫെസറായും കേരള യൂണിവേഴ്സിറ്റി, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി എന്നിവിടങ്ങളിലെ ബോർഡ് ഓഫ് സ്റ്റഡീസിന്റെ ചെയർമാനായും കേരള യൂണിവേഴ്സിറ്റിയിൽ അക്കാഡമിക് കൗൺസിൽ മെമ്പറായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. വൈദീക വൃത്തിക്ക് പുറമെ ബഹു.മണ്ണിലച്ചൻ മാർ ഈവാനിയോസ് കോളേജിൽ സുറിയാനി വിഭാഗം തലവനായി 1964 - 1982 കാലയളവിൽ സേവനം ചെയ്തിട്ടുണ്ട്.

വന്ദ്യ സാമുവേൽ മണ്ണിൽ റമ്പാന്റെ പൗരോഹിത്യ സുവർണജൂബിലി 12/02/2004-ൽ ഇടവക വിവിധ പരിപാടികളോടെ ആഘോഷിച്ചു. മോറോൻമാർ സിറിൽ ബസേലിയോസ് കാതോലിക്കാബാവ അദ്ധ്യക്ഷത വഹിച്ച അനുമോദന യോഗത്തിൽ വന്ദ്യ സാമുവേൽ മണ്ണിൽ റമ്പാച്ചനെ ആദരിച്ചു.സഭയിലെ ശ്രേഷ്ഠപിതാക്കന്മാരും സാമൂഹ്യ സാംസ്കാരിക അംഗങ്ങളിലെ നേതാക്കന്മാരും പ്രസംഗിച്ചു. വിദ്യാർത്ഥികളുടെ പഠന പ്രോത്സാഹനത്തിനും സഹായത്തിനും ബഹു.മണ്ണിലച്ചൻ ഒരു ഫണ്ട് ഇടവക വഴി ബാങ്കിൽ നിക്ഷേപിക്കുകയും അർഹതയുള്ള വിദ്യാർത്ഥികൾക്ക് വർഷം തോറും സ്കോളർഷിപ്പായി നൽകിവരികയും ചെയുന്നു

ദൈവസമർപ്പണത്തിലൂടെ ജീവിതത്തെ രൂപാന്തരീകരിക്കുകയും അദ്ധ്യമീകജീവിതത്തിൽ വളർച്ചയുടെ പടവുകൾ ചവിട്ടികയറുകയും ചെയ്ത വേദശാസ്ത്രഞ്ജരും സുറിയാനി ഭാഷ പണ്ഡിതനും അദ്ധ്യാപക

ശ്രേഷ്ഠനും തത്ത്വ ജ്ഞാനിയും ആചാര്യനുമായ മണ്ണിലച്ചന് തിരുവന്തപുരം മേജർ അതിരൂപത നിസ്തുലമായ സേവനത്തിന്റെ അംഗീകാരമായി മോറോൻമാർ സിറിൽ ബസേലിയോസ് കാതോലിക്ക ബാവ റമ്പാൻ സ്ഥാനം നൽകി. . 02/03/2018-ൽ റമ്പാച്ചൻ നിര്യാതാനാവുകയും, 04/03/2018-ൽ ഉളനാട് പള്ളിക്കുസമീപം അഭിവന്ദ്യ ബസേലിയോസ് ക്ലിമീസ് കാതോലിക്ക ബാവായുടെ മുഖ്യ കാർമികതത്വത്തിൽ സംസ്കരിക്കുകയും ചെയ്യ്തു.

**2. റവ. ഫാ. ഇ. എസ്സ്. ജോൺ –** ഉളനാട്ടിൽ ഏഴുവങ്ങാവടക്കേതിൽ പരേതനായ ശ്രീ.സക്കറിയായുടെയും ശ്രീമതി ഏലിയാമ്മ സക്കറിയായുടെയും മകനായി 22/06/1927-ൽ ജനിച്ചു. തിരുവനന്തപുരം അതിരൂപതയുടെ ആർച്ച് ബിഷപ്പ് ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ അനുവാദത്തിലും ശിക്ഷണത്തിലും വൈദീക പഠനത്തിനായി സെമിനാരിയിൽ ചേർന്നു. വൈദീക പഠനം പൂർത്തീകരിച്ച് തിരുവനന്തപുരം ആർച്ച് ബിഷപ്പ് അഭിവന്ദ്യ ബെനഡിക്റ്റ് മാർ ഗ്രിഗോറിയോസ് പിതാവിൽ നിന്നും വൈദീക പട്ടം സ്വീകരിച്ചു. ത്യാഗോജ്ജലനായ വൈദീക വൃത്തിയുടെയും സേവനത്തിന്റെയും ഫലമായി ബഹു.അച്ചനെ എം.എസ്.സി.സ്കൂൾ കറസ്പോണ്ടൻറ്റായി ബഹു.അച്ചൻ സേവനം അനുഷ്ഠിക്കുകയും ആ കാലത്ത് ധാരാളം പുതിയ സ്കൂളുകൾ നിർമ്മിക്കുകയും പഴയ സ്കൂളുകൾ പുതുക്കി പണിയിക്കുകയും ചെയ്തിട്ടുണ്ട്.

മലങ്കര കത്തോലിക്കാ സഭയ്ക്കും പ്രത്യേകിച്ചു മാതൃ ഇടവകയും ചെയ്തിട്ടുള്ള സഹായ സഹകരണത്തെ ഓർത്തു സ്മരിക്കുന്നു.അമേരിക്കയിൽ താമസിച്ചിരുന്ന കാലത്തു 26/03/1984-ൽ ടെക്സാസ് എന്ന സ്ഥലത്തു വെച്ചു ഉണ്ടായ വാഹന അപകടത്തിൽ ബഹു.അച്ചൻ നിര്യാതനാകുകയും 03/04/1984-ൽ ഉളനാട്ടിലെ പള്ളിക്കുസമീപം സംസ്കരിക്കുകയും ചെയ്തു. ബഹു.അച്ചന്റെ സ്മരണയ്ക്ക് വേണ്ടി ഉളനാട് ജംഗ്ഷനിൽ മനോഹരമായ ഒരു വെയ്റ്റിംഗ് ഷെഡും ചാരിറ്റബിൾ സൊസൈറ്റിയും സ്ഥാപിച്ച് 1985 മുതൽ പ്രവർത്തിച്ചുവരുന്നു. ബഹു.ജോൺ അച്ചന്റെ പേരിൽ ഒരു ഫണ്ട് ചാരിറ്റബിൾ സൊസൈറ്റി പ്രവർത്തകർ ബാങ്കിൽ നിക്ഷേപിച്ച് സാമ്പത്തിക സഹായവും മെറിറ്റ് സ്കോളർഷിപ്പും അർഹതയുള്ള വിദ്യാർത്ഥികൾക്ക് വർഷം തോറും നൽകിവരുന്നു.

**3. വെരി. റവ. ഡോ. റെജി തോമസ് ഒ. ഐ. സി.** – ഉളനാട്ടിൽ പടിഞ്ഞാറ്റെ മേലേതിൽ റെജി കോട്ടേജിൽ പരേതനായ ശ്രീ. വർഗീസ് മത്തായിയുടെയും ശ്രീമതി മറിയാമ്മ മത്തായിയുടെയും മകനായി ജനിച്ചു. 1974 ൽ വൈദീക പഠനത്തിനായി സെമിനാരിയിൽ ചേർന്നു.വിവിധ സെമിനാരികളിൽ നിന്നും വൈദീക പഠനം പൂർത്തിയാക്കി 1986 ഒക്ടോബർ മാസം 2 തീയതി തിരുവനന്തപുരം അതിരൂപത ആർച്ച് ബിഷപ്പ് ബെനഡിക്റ്റ് മാർ ഗ്രിഗോറിയോസ് പിതാവിൽ നിന്നും വൈദീക പട്ടം സ്വീകരിച്ചു. പല ഇടവകകളിലും വികാരിയായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ബൽജിയം സർവകലാശാലയിൽ നിന്നും തീയോളജിയിൽ ഡോക്ടറേറ്റ് നേടി. ബഹു.അച്ചൻ 6 വർഷക്കാലം നാലാഞ്ചിറയിലുള്ള ബഥനി നവജീവൻ പ്രൊവിൻഷ്യലിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയറായി സേവനം അനുഷ്ഠിച്ചു. വൈദീകവൃത്തിക്ക് പുറമെ നാലാഞ്ചിറ ബഥനി ഇംഗ്ലീഷ് മീഡിയം ഹയർ സെക്കണ്ടറി സ്കൂളിന്റെ പ്രിൻസിപ്പലായി സേവനം അനുഷ്ഠിക്കുകയും ഇപ്പോൾ നവജീവൻ വൈസ് പ്രൊവിൻഷ്യലായി ചുമതല വഹിക്കുകയും ചെയ്യുന്നു.

**4. റവ. ഫാ. ഗീവർഗീസ് ചെങ്കിലേത്ത് –** മാവേലിക്കര വഴിപാടിയിൽ ചേങ്കിലത്ത് വീട്ടിൽ പരേതനായ ശ്രീ മാത്തൻ തോമസിൻറ്റെയും ശ്രീമതി മറിയം മാത്തന്റ്റെയും മകനായി ജനിച്ചു. തിരുവന്തപുരം ആർച്ച് ബിഷപ്പ് ബെനഡിക്റ്റ് മാർ ഗ്രിഗോറിയോസ് പിതാവിന്റെ സ്നേഹവാത്സല്യത്തിലും അനുവാദത്തോടും കുടി വൈദീകപഠനത്തിനായി സെമിനാരിയിൽ ചേർന്നു.വൈദീക പഠനം പൂർത്തീകരിച്ച് 25 –03 –1966 ൽ അഭിവന്ദ്യ ബെനഡിക്റ്റ് മാർ ഗ്രീഗോറിയോസ് പിതാവിൽ നിന്നും വൈദീക പട്ടം സ്വീകരിച്ചു. രൂപതയിലെ വിവിധ ഇടവകകളിൽ വികാരിയായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഉളനാട്ടിലും രാമഞ്ചിറയിലും കുളനടയിലും വികാരിയായിരുന്ന സമയത്തു സഹോദരി കുഞ്ഞമ്മ ദാനിയേലിന്റെ വീടായ അലിന്റെമേലേതിൽ സ്ഥിരതാമസം ആക്കി.

ഉളനാട് ഇടവകയിലെ ആത്മീയ സംഘടനകളെ കുറെ കുടി കാര്യക്ഷമമായി പ്രവർത്തിക്കാൻ

ബഹു.അച്ചൻ നേതൃത്വം നൽകിയിട്ടുണ്ട്. മിക്കപ്പോഴും ഇടവകയിലെ വീടുകൾ സന്ദർശിക്കുകയും പ്രാത്ഥിക്കുകയും അവരുടെ സുഖദുഃഖങ്ങളിൽ ബഹു.അച്ചൻ സജീവമായി പങ്കെടുക്കുകയും ചെയ്തിരുന്നു. ജാതിമതഭേദമന്യേ എല്ലാവരോടും എളിമയോടുകൂടിയുള്ള സംസാരവും പെരുമാറ്റവും അച്ചന്റെ പ്രത്യേകതയായിരുന്നു. 27/02/2004 ൽ ബഹു.അച്ചൻ നിര്യതനാകുകയും 01/03/2004 ൽ ഉളനാട് പള്ളിയുടെ മദ്ബഹായിക്കു സമീപം അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് പിതാവിന്റെ പ്രധാന കാർമികത്ത്വത്തിൽ സംസ്കാരം നടത്തുകയും ചെയ്തു.

**5. റവ.സി.വിജയ.എസ്.ഐ.സി. –** ഉളനാട്ടിൽ ചെറുകുളത്ത് പുത്തൻവീട്ടിൽ പരേതരായ ശ്രീ എം.ജി.തോമസിന്റെയും ശ്രീമതി കുഞ്ഞമ്മ തോമസിന്റെയും തോമസിന്റെയും മകളായി 1938 ൽ ജനിച്ചു. 1954 ഏപ്രിൽ 15 തീയതി ദൈവ വേലക്കായി മാർത്താണ്ഡത്തുള്ള ഡോട്ടേഴ്സ് ഓഫ് മേരി മഠത്തിൽ ചേർന്നു. 1957-ൽ ടി.ടി.സി.കഴിഞ്ഞു നാലച്ചിറയിലുള്ള സെന്റ് ഗോരേറ്റീസ് സ്കൂളിൽ അധ്യാപികയായി സേവനം അനുഷ്ഠിച്ചു. 1961-ൽ നാലാഞ്ചിറ മഠത്തിൽ ചേർന്നു. 1964 ൽ സന്യാസ വ്യതവാഗ്ദാനം നൽകി. വിമെൻസ് കോളേജിൽ നിന്നും ബി.എസ്.സി.മാത്സ് ഡിഗ്രി കഴിഞ്ഞു മാർ തെയോഫിലോസ് ട്രെയിനിങ് കോളേജിൽ പഠിച്ചു ബി.എഡ് എടുത്തു. സെന്റ് മേരിസ് ജി.എച്ച്.എസ്., സെന്റ് അനീസ് ജി.എച്ച് എസ് എന്നീ വിദ്യാലയത്തിൽ അദ്ധ്യാപകയായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 1970-ൽ നിത്യവ്യതം സ്വീകരിച്ചു. 1977 മുതൽ 1983 വരെ നാലാഞ്ചിറ ബഥനി കോൺവെന്റിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ ആയും ഒന്നാം കൗൺസിലർ ആയും സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1990 ൽ കായംകുളം മഠത്തിലെ സേവനത്തിനുപുറമെ കായംകുളം സെന്റ് മേരിസ് എച്ച് എസിന്റെയും നാലാഞ്ചിറ സെന്റ് ഗോരേറ്റീസ് സ്കൂളിന്റെയും ഹെഡ്മിസ്ട്രെസ്സായി സേവനം അനുഷ്ഠിച്ച 1993 ൽ റിട്ടയേർഡ് ചെയ്തു. 1998 ൽ പത്തനംതിട്ട പ്രോവിന്സിന്റെ പ്രൊവിൻഷ്യലായി തെരഞ്ഞെടുക്കപ്പെട്ടു. 2007 മുതൽ തിരുവന്തപുരം പാളയം ബഥനി ഹോസ്റ്റലിന്റെ കോൺവെന്റ് സുപ്പീരിയർ ആയി സേവനം അനുഷ്ഠിച്ചു വരുന്നു.

**6. റവ.സി.ഗ്രീഗോറിയ എസ്.ഐ.സി. –** ഉളനാട്ടിൽ പടിഞ്ഞാറ്റെ മേലേതിൽ റെജി കോട്ടേജിൽ പരേതനായ ശ്രീ.വർഗീസ് മത്തായിയുടെയും ശ്രീമതി മറിയാമ്മ വർഗീസിന്റെയും മകളായി ജനിച്ചു.1965 ൽ ദൈവവേലക്കായി മഠത്തിൽ ചേർന്നു പഠിച്ചു. 1968 ൽ നിത്യവ്യതം സ്വീകരിച്ചു. ടി.ടി.സി.പഠിച്ചതിനുശേഷം എം.എസ്.സി.മാനേജ്മന്റ് സ്കൂളുകളിൽ അദ്ധ്യാപികയായി സേവനം അനുഷ്ഠിച്ചു. സന്യാസിവൃത്തിക്കു പുറമെ സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂൾ കായംകുളം, ബി.ബി.എച്ച് എസ് നാങ്യാർകുളങ്ങര, സെന്റ് അന്റോണിസ് ഗേൾസ് ഹൈസ്കൂൾ ചെങ്ങന്നൂർ, സെന്റ് പീറ്റേഴ്സ് യൂ.പി.എസ്.കൊടുമൺ എന്നിവിടങ്ങളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഇടവകയുടെ ആത്മീയ പുരോഗതിക്കും കാര്യക്ഷമമായ പ്രവർത്തനത്തിനും സി.പ്രാത്ഥിക്കുകയും സഹകരിക്കുകയും ചെയ്തുവരുന്നു.

**7. റവ.സി.എയ്ജലീനാ എസ്.ഐ.സി. –** ഉളനാട്ടിൽ പടിഞ്ഞാറ്റെ മേലേതിൽ റെജി കോട്ടജിൽ പരേതനായ ശ്രീ.വർഗീസ് മത്തായിയുടെയും ശ്രീമതി മറിയാമ്മ വർഗീസിന്റെയും മകളായി ജനിച്ചു. 1966-ൽ ദൈവശുശ്രുഷക്കായി മഠത്തിൽ ചേർന്നു. പഠനം പൂർത്തിയാക്കി 1969-ൽ നിത്യവ്യതം സ്വീകരിച്ചു. തിരുവനന്തപുരം അതിരൂപതയുടെ പല മഠങ്ങളിൽ സേവനം ചെയ്തിട്ടുണ്ട്. ഇപ്പോൾ പുത്തൻപീടിക മഠത്തിൽ സേവനം അനുഷ്ഠിച്ച വരുന്നു. ഇടവകയുടെ ആത്മീയ പുരോഗതിക്കും കാര്യക്ഷമമായ പ്രവർത്തനത്തിനും സി.പ്രാത്ഥിക്കുകയും സഹകരിക്കുകയും ചെയ്തുവരുന്നു.

**ഇടവകയുടെ പ്രാരംഭാകാലം മുതൽ വികാരിമാരായി സേവനം അനുഷ്ഠിച്ച ബഹുമാനപ്പെട്ട വൈദീക ശ്രേഷ്ഠരുടെ പേരുകൾ ചുവടെ ചേർക്കുന്നു.**

1 റവ.ഫാ.തോമസ് കൈതനാൽ

2 റവ.ഫാ.ജേക്കബ് കിഴക്കേടത്ത്

3 റവ.ഫാ. ജോഷ്വാ കുന്നത്തേത്

4 റവ.ഫാ.തോമസ് പൊന്മേലിൽ

5 റവ ഫാ ജോർജ് സി.പി

6 റവ.ഫാ.മാത്യു പൊന്മേലിൽ

7 റവ.ഫാ.ഡേവിഡ് ഇല്ലിരിക്കൽ

8 റവ ഫാ ഡോ.ജോർജ് പ്ലാവിളയിൽ

9 റവ.ഫാ.കുര്യൻ വാലുപറമ്പിൽ

10 റവ.ഫാ. മാത്യു തുരുത്തിയിൽ

11 റവ.ഫാ.തോമസ് പ്ലാവിളയിൽ

12 റവ.ഫാ.ജേക്കബ് കളിയന്താനം

13 റവ.ഫാ.തോമസ് ഏഴിയത്ത്

14 റവ.ഫാ.പി.കെ.ഡേവിഡ്

15 റവ.ഫാ.ഗീവർഗീസ് ചേങ്കിലേത്ത്

16 റവ.ഫാ.തോമസ് തെക്കേടത്ത്

17 റവ.ഫാ.ഗീവർഗീസ് ഏഴിയത്ത്

18 റവ.ഫാ.ഏബ്രഹാം മണ്ണിൽ

19 റവ.ഫാ.യേശുദാസ് കൊച്ചുവിളയിൽ

20 റവ.ഫാ.ജോർജ് കോട്ടപ്പുറം

21 റവ.ഫാ.ഫ്രാൻസിസ് മൂലേമുറിയിൽ

22 റവ.ഫാ.ബർണാഡ് വലിയവിള

23 റവ ഫാ.സഖറിയാസ് പുഷ്പ വിലാസം

24 റവ.ഫാ.ജോസഫ് തടത്തിൽ

25 റവ.ഫാ. ഡാനിയേൽ ബഥേൽ

ഇടവകയുടെ കാവൽപിതാവായ വി.സ്ഥാനപക യോഹന്നാന്റെ വാക്കുകൾ കേൾക്കുക.'കർത്താവിന് വഴി ഒരുക്കുവിൻ, അവന്റെ പാത നിരപ്പാക്കുവിൻ'അതിനുള്ള ശക്തി കേന്ദ്രമായി നമ്മുടെ ദേവാലയം നിലകൊള്ളട്ടെ എന്ന് പ്രാത്ഥിക്കുന്നു. നിത്യനായ സർവേശ്വരൻ നമ്മൾക്ക് വ്യക്തികളിലൂടെയും കുടുംബങ്ങളിലൂടെയും ഇടവക വഴിയായും അനുഗ്രഹിച്ചു നല്കിയിരിക്കുന്ന എല്ലാ നന്മകൾക്കും നന്ദിയും സ്തുതിയും കരേറ്റാം. വി.യോഹന്നാൻ സ്നാപകന്റെ മധ്യസ്ഥതയിൽ നമുക്ക് ശരണപ്പെടാം.